
# മലബാറിന്റെ വികസനം

ലേഖനം

●

പ്രൊഫ. കെ.എം ബഹാവുദ്ദീൻ

**സാമ്പത്തികമായി** സാമാന്യം മെച്ചപ്പെട്ട നിലയിലായിരുന്ന മലബാർ അധഃപതനത്തിലേക്കു നീങ്ങുന്നത് 1792-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി മലബാർ ഭരണം ഏറ്റെടുത്ത ശേഷമാണ്. 1796 മുതൽ മലബാറിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ, പടിഞ്ഞാറെ കോവിലകം രാജാക്കന്മാർ, പഴശ്ശിരാജ, നായർ പ്രമാണികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരായി കലാപങ്ങൾ ആരംഭിച്ചു. ടിപ്പുസുൽത്താൻ 1799-ൽ യുദ്ധത്തിൽ മരിച്ചശേഷം കലാപങ്ങൾ മാപ്പിള കർഷകരും ജന്മിമാരുമായുള്ള സംഘർഷങ്ങളാക്കി മാറ്റാൻ ബ്രിട്ടീഷ് ഭരണാധികാരികൾക്കു സാധിച്ചു. 1818 ഓടെ മാപ്പിള കുടിയാന്മാരും ജന്മിമാരുമായി തുടർച്ചയായ സംഘർഷം നിലനിൽക്കത്തക്ക നയങ്ങളും സാഹചര്യങ്ങളും സൃഷ്ടിക്കാൻ വിദേശികൾക്കു സാധിച്ചു. ജനങ്ങളുടെ അവസ്ഥ ദയനീയതയിലേക്കു നീങ്ങി. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ ദയനീയതയെപ്പറ്റി മേലധികാരികളെ അറിയിച്ചിരുന്നെങ്കിലും കൂടുതൽ കർശനമായ പരിപാടികളാണു ഗവൺമെന്റ് നടപ്പിലാക്കിയത്. ഇതെല്ലാം മലബാറിന്റെ സാമ്പത്തിക അധഃപതനത്തിനു കാരണമായി.




അഭിവൃദ്ധിക്കു രാഷ്ട്രീയ ഒത്താശ അത്യാവശ്യമാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. കേരളപ്പിറവിക്കു

ശേഷം മലബാറിന് അനുകൂലമായ രാഷ്ട്രീയ സാഹചര്യങ്ങളുണ്ടായിട്ടും അർഹമായ പുരോഗതി ആ പ്രദേശത്തുണ്ടായില്ല എന്നതു വസ്തുതയാണ്. വിദ്യാഭ്യാസത്തെപ്പറ്റിയോ കൃഷിയുടെ വളർച്ചയെപ്പറ്റിയോ വ്യവസായവൽകരണത്തെപ്പറ്റിയോ സാമ്പത്തിക വളർച്ചയെപ്പറ്റിയോ, താരതമ്യ പഠനമോ പദ്ധതിയോ പ്രോജക്ടുകളോ ഉണ്ടായതായി അറിവില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ലഭ്യമായ സ്ഥിതിവിവര കണക്കുകളെ ആസ്പദമാക്കി വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളെ വിശകലനം ചെയ്തു മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. വിദ്യാഭ്യാസം, കൃഷി, വ്യവസായം, വാണിജ്യം, മൂലധനത്തിന്റെ വളർച്ച ഇവയെല്ലാം പ്രദേശത്തിന്റെ ഉന്നമനത്തിനായി വളർത്തിയെടുക്കാൻ കഴിവുള്ള വികസന സംരംഭകർ അത്യാവശ്യമാണ്.

**ഏതു മാനദണ്ഡം വെച്ചുനോക്കിയാലും മലബാറിന്റെ വികസനം എളുപ്പമാകുമെന്നു തോന്നുന്നില്ല. അധികാരത്തിൽ എല്ലാ ഗവൺമെന്റുകളും മേൽതട്ടിലെ 10 ശതമാനം ജനങ്ങളുടെ വളർച്ചക്കു സഹായകരമായ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എല്ലാ പഠനങ്ങളും അതുതന്നെയാണു തെളിയിക്കുന്നത്. സന്തുലിതമായ വളർച്ചയുണ്ടാകണമെങ്കിൽ മലബാറിന്റെ പ്രത്യേകത ആഴത്തിൽ പഠിച്ചു പിന്നാക്ക പ്രദേശങ്ങളുടെ വളർച്ചക്കു ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ ഉണ്ടായെങ്കിലേ അതു സാധ്യമാകൂ.**

## വിദ്യാഭ്യാസം

മലബാർ പ്രദേശങ്ങളാണ് ഇപ്പോഴും വിദ്യാഭ്യാസത്തിൽ പുറകിൽ നിൽക്കുന്നത്. 2007 ആയപ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിൽ മലബാർ ജില്ലകൾ മറ്റു ജില്ലകളോടൊപ്പം എത്തിയെന്നും എസ്.എസ്.എൽ.സി പരീക്ഷാഫലം തെളിയിക്കുന്നു. പക്ഷേ ആ വിജയശതമാനം തന്നെ കുറച്ചുകൂടി ആഴത്തിൽ പരിശോധിച്ചാൽ സി, ഡി ഗ്രേഡുകൾ വാങ്ങി വിജയിച്ച കുട്ടികളാണ് അധികമെന്നു കാണാം. അങ്ങനെയുള്ള വിദ്യാർഥികൾ ഉന്നത വിദ്യാഭ്യാസരംഗത്തു മികവു കാട്ടുമെന്നു കരുതാൻ നിവൃത്തിയില്ല. തിരുവനന്തപുരം ജില്ലയും മലപ്പുറം ജില്ലയും താരതമ്യപ്പെടുത്തിയാൽ ഒന്നാം ക്ലാസിൽ മലപ്പുറത്തുനിന്നു ജയിച്ച കുട്ടികൾ ഏതാണ്ടു 30 ശതമാനം കുറവാണെന്നു കാണാം. പ്രഗൽഭരായ സംരംഭകർ കഴിവുള്ള വിദ്യാർഥികളാണെന്നു മനസ്സിലാക്കണം. ഉന്നത വിദ്യാഭ്യാസത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്ന മുസ്‌ലിംകളും അവരുടെ മുന്നിലുള്ള പട്ടികജാതി പട്ടികവർഗ വിഭാഗക്കാരും കൂടുതലായി വസിക്കുന്ന പ്രദേശമാണു മലബാർ. അക്കൂട്ടരെ ഉന്നത വിദ്യാഭ്യാസരംഗത്തു കൂടുതലായി എത്തിച്ചെങ്കിലേ വികസനത്തിന്റെ പ്രധാനഘടകം കരസ്ഥമായെന്നു പറയാൻ കഴിയൂ. 2005 വരെ മലബാർ പ്രദേശം അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രശ്നം ഉന്നതവിദ്യാഭ്യാസത്തിന്റെ കവാടമായ പ്ലസ്‌വൺ ക്ലാസുകളിൽ പ്രവേശനം ലഭിക്കാൻ ആവശ്യമുള്ള സീറ്റുകൾ അനുവദിച്ചിരുന്നില്ലെന്നതാണ്. 2008 ആയപ്പോൾ ഏകജാലകത്തിലൂടെ പ്രവേശനം ക്രമീകരിച്ചതോടെ സി ഗ്രേഡ് വരെ ലഭിച്ച എല്ലാ വിദ്യാർഥികൾക്കും കോഴ നൽകാതെ പ്ലസ്‌വൺ ക്ലാസിൽ പ്രവേശനം ലഭിക്കാനുള്ള സാധ്യതയുണ്ടായി. ഇതുവലിയൊരു നേട്ടമാണ്. പ്ലസ്ടുവിനു മുകളിലുള്ള ക്ലാസ് പ്രവേശനവും പ്രധാന ഘടകമാണ്. ഇനിയുള്ള കൊല്ലങ്ങളിൽ അതൊരു പ്രധാന കടമ്പയായി മുന്നിൽ വന്നേക്കാം.

## കൃഷി

ഭൂപരിഷ്കരണത്തിനുമുമ്പ് കേരളത്തിൽ 32.62 ശതമാനം മുസ്‌ലിംകളും 53.19 ശതമാനം പട്ടികജാതിക്കാരും 57.74 ശതമാനം പട്ടികവർഗക്കാരും ഭൂരഹിതരായിരുന്നു. 27.65 ശതമാനം മുസ്‌ലിംകൾക്ക് അര ഏക്കർ മുതൽ രണ്ട് ഏക്കർവരെ ഭൂമിയും 9.37 ശതമാനം പട്ടികജാതിക്കാരും 17.81 ശതമാനം പട്ടികവർഗക്കാരും അര ഏക്കർ മുതൽ രണ്ട് ഏക്കർ വരെ ഭൂമിയും ഉള്ളവരായിരുന്നു. ഭൂപരിഷ്കരണത്തിനു ശേഷം 37 ശതമാനം മുസ്‌ലിംകൾ ഭൂരഹിതരായി. ഒരേക്കർ വരെ ഭൂമിയുള്ളവർ ഏഴ് ശതമാനമായും അതിനുമുകളിൽ ഭൂമിയുള്ളവർ രണ്ട് ശതമാനമായും കുറഞ്ഞു. പട്ടികജാതി/വർഗത്തിലുള്ളവരുടെ ഭൂവുടമസ്ഥാവകാശം കുറയുകയാണുണ്ടായത്. കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവർ ഇന്ത്യയിൽ ഏറ്റവും കുറവ് കേരളത്തിലാണ്. കൃഷി തൊഴിലായെടുക്കുന്നവർ രണ്ടു ശതമാനം പോലുമില്ല. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ കാർഷികരംഗം തകർന്നുകിടക്കുകയാണ്. മലബാറിലെ ജനങ്ങളിൽ ഭൂരിഭാഗവും ഭൂരഹിതരും വളരെ കുറച്ചു ഭൂമിയുള്ളവരുമാണ്. ഈ പരിതസ്ഥിതി കണക്കിലെടുത്തു വേണം കേരളത്തിൽ കാർഷികനയം രൂപീകരിക്കാൻ.

ഏതുതരത്തിലുള്ള കാർഷികവിളകളാണു മലബാറിനു സാമ്പത്തിക അടിത്തറ ഉണ്ടാക്കിക്കൊടുക്കുക എന്നത് ആഴത്തിൽ പഠിക്കേണ്ട ഒരു സംഗതിയാണ്. നെൽകൃഷി പോലുള്ള ഭക്ഷ്യവിളകൾ എത്രത്തോളം പ്രയോജനപ്പെടുമെന്നറിയില്ല. മാർക്കറ്റിൽ വിറ്റഴിക്കാനുദ്ദേശിക്കാത്ത പച്ചക്കറികൾ സ്വന്തം ഉപയോഗത്തിനായി ചെറിയചെറിയ സ്ഥലങ്ങളിൽ വ്യാപകമാക്കുന്നതു പ്രയോജനം ചെയ്യുമെന്നുതോന്നുന്നു. നാണ്യവിളകളുടെ വിപണനം കുത്തകകൾ കയ്യടക്കിയിട്ടുള്ളതുകൊണ്ട് ആദായകരമായ വില ലഭിക്കുമെന്നു പ്രതീക്ഷിക്കാനൊക്കുകയില്ല. കുത്തകകളുടെ പിടിയിൽ നിന്നു മോചനം ലഭിക്കുന്ന വിപണനമാർഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ആഡംബരച്ചെടികൾ, പുഷ്പകൃഷി, പഴവർഗങ്ങൾ തുടങ്ങിയവ പ്രയോജനം നൽകണമെങ്കിൽ വിപണനവും സംസ്കരണവും കൃഷിയോടു സംയോജിപ്പിച്ചു നടത്തേണ്ടിവരും. കൃഷിയെപ്പറ്റി ആഴത്തിലുള്ള പ്രാദേശിക പഠനങ്ങൾ ആവശ്യമാണെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. സംയോജിതമല്ലാത്ത പദ്ധതികൾ ദാരിദ്ര്യത്തിലായ കർഷകരെ കൂടുതൽ ദാരിദ്ര്യത്തിലേക്കു നയിക്കാൻ സാധ്യതയുണ്ട്. മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് അധികവും നടക്കുന്നത്. കാലവർഷക്കെടുതി മൂലമുണ്ടാകുന്ന നഷ്ടങ്ങൾ താങ്ങാനുള്ള കഴിവ് കർഷകനില്ല. കർഷകരെ അവഗണിച്ചുള്ള വളർച്ച സാധ്യവുമല്ല.

## വ്യവസായം

വ്യവസായമുണ്ടാകാൻ ഏറ്റവും അത്യാവശ്യം മൂലധനമാണ്. അതോടൊപ്പം മൂലധനം ഉൽപാദനത്തിനുപയോഗിച്ചു കൂടുതൽ സമ്പത്തുണ്ടാക്കാൻ കഴിവുള്ള എന്റർപ്രണേഴ്സും ആവശ്യമുണ്ട്. മലബാർ ജില്ലകളാണ് ആളോഹരി വാർഷികവരുമാനത്തിൽ കേരളത്തിൽ ഏറ്റവും പുറകിൽ.

തെക്കൻ ജില്ലകളിൽ വിദേശവരുമാനം ഉൾപ്പെടുത്താതെയുള്ള ആളോഹരി വരുമാനം വടക്കൻ ജില്ലകളിൽ വിദേശവരുമാനം ഉൾപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കൂടുതലാണ് (ഗ്രാഫ് കാണുക).

ശാസ്ത്രസാഹിത്യപരിഷത്തിന്റെ പഠനമനുസരിച്ചു കേരളത്തിലെ "പരമദരിദ്രരിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്നത് പുറമെനിന്നുള്ള പണവരവിനെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങളാണ്....." അവർ അധികവും മലബാർ പ്രദേശത്താണുതാനും.

വിദേശത്തുനിന്നു ലഭിക്കുന്ന പണം പ്രത്യുൽപാദനങ്ങൾക്കായി ഉപയോഗിക്കുന്നില്ലെന്നു പറയുന്നവരുണ്ട്. പരമദരിദ്രരായ മലബാർ പ്രദേശത്തെ വിദ്യാഭ്യാസം കുറഞ്ഞ ആളുകളാണു ദാരിദ്ര്യത്തിൽനിന്ന് മോചനം നേടാനായി ആദ്യഘട്ടത്തിൽ വിദേശത്തേക്കുപോയത്. അവർ കേരളത്തിലെ ദാരിദ്ര്യം 25 ശതമാനം വരെ കുറച്ചിട്ടുണ്ട്. നിത്യേനയുള്ള ആവശ്യങ്ങൾക്കു വേണ്ടിയുള്ളതിൽ കൂടുതൽ വരുമാനം ഉണ്ടെങ്കിലേ മിച്ചംവെക്കാൻ സാധിക്കുകയുള്ളൂ. അതാണു മൂലധനമായി മാറുന്നത്. ഏറ്റവും അധികം ആളുകൾ മലബാർ ജില്ലകളിൽനിന്നാണു ഗൾഫുരാജ്യങ്ങളിലേക്കു പോയതെങ്കിലും ഏറ്റവും അധികം പണം വിദേശത്തുനിന്നു ലഭിക്കുന്നത് തൃശൂർ, പത്തനംതിട്ട തുടങ്ങിയ ജില്ലകൾക്കാണ്. തൃശൂരിൽനിന്നും വിദേശത്തുപോയ ഒരു വ്യക്തി ശരാശരി വർഷം 51,750/- രൂപയും ഇടുക്കിയിൽ നിന്നുള്ളവർ 50,000/- രൂപയും കൊല്ലത്തുനിന്നുള്ളവർ 40,000/- രൂപയും നാട്ടിലേക്കയക്കുമ്പോൾ കണ്ണൂരിൽ നിന്നുള്ളവർക്ക് ശരാശരി 15,000/- രൂപയിൽ കൂടുതൽ രൂപ നാട്ടിലെത്തിക്കാൻ സാധിക്കുന്നില്ല.

**2007 ആയപ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിൽ മലബാർ ജില്ലകൾ മറ്റു ജില്ലകളോടൊപ്പം എത്തിയെന്നും എസ്.എസ്.എൽ.സി പരീക്ഷാഫലം തെളിയിക്കുന്നു. പക്ഷേ ആ വിജയശതമാനം തന്നെ കുറച്ചു കൂടി ആഴത്തിൽ പരിശോധിച്ചാൽ സി, ഡി ഗ്രേഡുകൾ വാങ്ങി വിജയിച്ച കുട്ടികളാണ് അധികമെന്നു കാണാം. അങ്ങനെയുള്ള വിദ്യാർഥികൾ ഉന്നത വിദ്യാഭ്യാസരംഗത്തു മികവു കാട്ടുമെന്നു കരുതാൻ നിവൃത്തിയില്ല.**

2000ത്തോടുകൂടി വിദേശത്തു പോകുന്നവരുടെ എണ്ണം കുറയുമെന്നായിരുന്നു ധാരണ. അങ്ങനെ സംഭവിച്ചില്ല. വിദേശത്തു ജോലിക്കുപോകുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഗൾഫിലേക്കു പോകുന്നതിനുപകരം അമേരിക്ക, ബ്രിട്ടൺ, സിംഗപൂർ തുടങ്ങിയ രാജ്യങ്ങളിലേക്കാണ് കൂടുതൽ പേർ പോകുന്നത്. അവരാണെങ്കിൽ ഉന്നതവിദ്യാഭ്യാസമുള്ളവരും തൊഴിൽ പരിചയമുള്ളവരും ഉയർന്ന ശമ്പളത്തിൽ ജോലിക്കു പോകുന്നവരുമാണ്. ഇക്കൂട്ടരാണു പണം മിച്ചംവെച്ചു ഭാവിയിൽ എന്റർപ്രണർ ആയി മാറുന്നത്. ഗൾഫു രാജ്യങ്ങളിൽനിന്നുള്ള തിരിച്ചുവരവു കൂടിയിട്ടുണ്ട്. അവരാണെങ്കിൽ വിദ്യാഭ്യാസവും തൊഴിൽ പരിചയവുമില്ലാത്ത മലബാറുകാർ ആണുതാനും. ഭാവിയിൽ വിദേശത്തുനിന്നുവരുന്ന പണം മൂലധന വളർച്ചയായി ഉൽപാദനരംഗത്തു മലബാറിൽ നിക്ഷേപമുണ്ടാക്കുമെന്നും പ്രതീക്ഷിക്കാനൊക്കുകയില്ല.

ഏതു മാനദണ്ഡം വെച്ചുനോക്കിയാലും മലബാറിന്റെ വികസനം എളുപ്പമാകുമെന്നു തോന്നുന്നില്ല. അധികാരത്തിൽ വന്ന എല്ലാ ഗവൺമെന്റുകളും മേൽതട്ടിലെ 10 ശതമാനം ജനങ്ങളുടെ വളർച്ചക്കു സഹായകരമായ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എല്ലാ പഠനങ്ങളും അതുതന്നെയാണു തെളിയിക്കുന്നത്. സന്തുലിതമായ വളർച്ചയുണ്ടാകണമെങ്കിൽ മലബാറിന്റെ പ്രത്യേകത ആഴത്തിൽ പഠിച്ചു പിന്നാക്ക പ്രദേശങ്ങളുടെ വളർച്ചക്കു ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ ഉണ്ടായെങ്കിലേ അതു സാധ്യമാകൂ. ■

---

സോളിഡാരിറ്റി കോഴിക്കോട് ജില്ലാ സമ്മേളന പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'വികസന ഭൂപടത്തിലെ മലബാർ' ശിൽപശാലയിൽ അവതരിപ്പിച്ച പ്രബന്ധം